# 342

1 കരകവിഞ്ഞൊഴുകും കരുണയിൻ കരങ്ങൾ
ഭൂമിയിൽ ആരുടേത് ആകുലമാം ലോകത്തിൽ അനുദിനവും
ശാന്തിതരും ചൈതന്യമാരുടേത്
എൻമനമേ നീ പറയൂ നിന്റെ ജീവന്റെ ജീവനേത് ..... (2)

2 പ്രാർത്ഥന കേൾക്കും അനുഗ്രഹമരുളും ദാനങ്ങൾ ആരുടേത്
കാൽവറി മലയിൽനിന്നും ഒഴുകിവരും
രുധിരത്തിൻ രോദനമാരുടേത്
എൻമനമേ നീ പറയൂ നിന്റെ ജീവന്റെ ജീവനേത് ..... (2)

3 സുരസുഖമഖിലം മനുജന് ചൊരിയും ദാനങ്ങൾ ആരുടേത്
ബേത്‌ലഹേം പുൽക്കൂട്ടിൽ മാനുജരിൻ മകനായ് ജീവിതമാരുടേത്
എൻമനമേ നീ പറയൂ നിന്റെ ജീവന്റെ ജീവനേത് ..... (2)